


സെന്റ് ജോസഫ്സ് സർവകലാശാല ബെന്നാർഘട്ട റോഡ് കാലേന അഗ്രഹാരയിൽ ആരംഭിച്ച പുതിയ ക്യാംപസിന്റെ ഉദ്ഘാടനം മന്ത്രി രാമലിംഗ റെഡ്ഡി നിർവഹിക്കുന്നു.

# സെന്റ് ജോസഫ്സ് സർവകലാശാല പുതിയ ക്യാംപസ് ഉദ്ഘാടനം

ബെംഗളൂരു ● സെന്റ് ജോസഫ്സ് സർവകലാശാലയുടെ ബെന്നാർഘട്ട റോഡ് കാലേന അഗ്രഹാരയിലെ പുതിയ ക്യാംപസിന്റെ ഉദ്ഘാടനം മന്ത്രി രാമലിംഗ റെഡ്ഡി നിർവഹിച്ചു. ബെംഗളൂരു ആർച്ച് ബിഷപ് ഡോ. പീറ്റർ മച്ചാഡോ ആശീർവാദ ചടങ്ങുകൾക്കു മുഖ്യകാർമികത്വം വഹിച്ചു. ഈശോസഭാ കർണാടക പ്രൊവിൻഷ്യലും സർവകലാശാല ചാൻസലറുമായ ഫാ.ഡയനീഷ്യസ് വാസ് അധ്യക്ഷത വഹിച്ചു. വൈസ് ചാൻസലർ ഫാ.വിക്ടർ ലോബോ, റെക്ടർ ഫാ.ഡോ.അൽഫോൻസ് പയസ് ഫെർണാണ്ടസ്, പ്രൊ ചാൻസലർ ഫാ.മെൽവിൻ പിന്റോ, പ്രൊ വൈസ് ചാൻസലർമാരായ ഡോ. ക്രിസ്റ്റോ സെൽവൻ, ഡോ.റ ബയ് അംഗിരാസ് എന്നിവർ പ്രസംഗിച്ചു.